**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കായംകുളം നഗരസഭയുടെ നിയമാനുസൃതമല്ലാത്ത കൗൺസിൽ തീരുമാനത്തിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ച് - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1949/2024/LSGD തീയതി,തിരുവനന്തപുരം, 16-10-2024

---

പരാമർശം:- കായംകുളം നഗരസഭ സെക്രട്ടറിയുടെ 22/07/2024 തീയതിയിലെ ജി.1-3600/10 നമ്പർ കത്ത്.

**ഉത്തരവ്**

കായംകുളം നഗരസഭയുടെ 15/07/2024 തീയതിയിലെ സാധാരണ യോഗത്തിൽ 8-ാം നമ്പർ അജണ്ടയായി ഉൾപ്പെടുത്തിയിരുന്ന 24-ാം വാർഡിൽ അങ്കണവാടി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 39 അംഗങ്ങളിൽ 19 പേർ വിയോജനം രേഖപ്പെടുത്തി പരാമർശ പ്രകാരം സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിരുന്നു.

2. നഗരസഭയുടെ 24-ാം വാർഡിൽ അങ്കണവാടി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭാ കൗൺസിൽ 04.03.2024 ന് അജണ്ട ചേർത്ത് ചർച്ച ചെയ്യുകയും, ഇത് സംബന്ധിച്ച് ഉപസമിതി രൂപീകരിക്കുന്നതിനും ഐ.സി.ഡി.എസ് ന്റെ റിപ്പോർട്ട് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചിരുന്നു.

3. 35-ാം വാർഡിലെ CNO- 87-ാം നമ്പർ അങ്കണവാടി 35-ാം വാർഡിൽ നിന്നും ഒഴിവാക്കി 24-ാം വാർഡിലേക്ക് പുനഃക്രമീകരിക്കുന്നത് ഉചിതമായിരിക്കും എന്ന് ഐ.സി.ഡി.എസ് റിപ്പോർട്ട് നൽകുകയും ടി റിപ്പോർട്ട് 26.06.2024 ലെ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചർച്ച ചെയ്ത് നഗരസഭാ കൗൺസിലിന്റെ പരിഗണനയ്ക്കായി ശുപാർശ ചെയ്ത് തീരുമാനിക്കുകയും ചെയ്തിരുന്നു. തുടർന്ന് 15.07.2024 ലെ നഗരസഭയുടെ സാധാരണ യോഗത്തിൽ 8-ാം നമ്പർ അജണ്ടയായി ഈ വിഷയം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 04.03.2024 ലെ കൗൺസിൽ യോഗ തീരുമാന പ്രകാരമുള്ള ഉപസമിതി രൂപീകരിച്ച് അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലായെന്ന് പ്രതിപക്ഷ അംഗങ്ങൾ ആരോപണം ഉന്നയിക്കുകയും, തത്സമയം 24-ാം വാർഡ് കൗൺസിലർ അജണ്ടയിന്മേൽ പോൾ ആവശ്യപ്പെടുകയും ചെയ്തു. അന്നേ ദിവസം ഹാജരായിരുന്ന 39 അംഗങ്ങളിൽ 19 പേർ വിയോജനം രേഖപ്പെടുത്തുകയും ചെയ്തിരുന്നു.

4. മേൽ സാഹചര്യത്തിൽ, കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 57 പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 191 (271-ജി) പ്രകാരം രൂപീകരിച്ച ഓംബുഡ്സ്മാന്റെ

പരിഗണനയ്ക്കായി മേൽ വിഷയം അയച്ചുകൊണ്ട് ഉത്തരവാകുന്നു.

5. സർക്കാരിൽ നിന്നും ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ കായംകുളം നഗരസഭയുടെ 15/07/2024 തീയതിയിലെ സാധാരണ യോഗത്തിലെ 8-ാം നമ്പർ തീരുമാനം താൽക്കാലികമായി തടഞ്ഞുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം (ഫയൽ നമ്പർ.ഡി.ബി.3/311/2024-തസ്വഭവ ന.ഫ പേജ് - 3 , കു.ഫ പേജ് - 14 )
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. സെക്രട്ടറി, കായംകുളം നഗരസഭ
4. അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്), കേരള
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. കരുതൽ ഫയൽ(DB3/311/2024/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 16-10-2024 15:52:44

സെക്ഷൻ ഓഫീസർ